**"CORRUPTION, A CRIME AGAINST NATION"**

വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ
തിരുവനന്തപുരം 695033
E-mail:vig.vacb@kerala.gov.in
ഫോൺ നം. 0471-2305393
തീയതി. 16.01.2025

# സാമ്പത്തിക ക്രമക്കേട്- മുൻ സപ്ലൈകോ മാനേജരെ കഠിന തടവിന് ശിക്ഷിച്ചു.

പത്തനംതിട്ട ജില്ലയിലെ പന്തളം സപ്ലൈകോ ലാഭം മാർക്കറ്റിലെ മുൻ മാനേജരും നിലവിൽ അടൂർ താലൂക്ക് സപ്ലൈ ഓഫീസിലെ എൽ.ഡി ക്ലാർക്കുമായ വി.എസ്.രമേശിനെ സപ്ലൈകോ ലാഭം മാർക്കറ്റിൽ സാമ്പത്തിക ക്രമക്കേട് നടത്തിയതിന് 16 വർഷം കഠിന തടവിനും 3,20,000/-പിഴ ഒടുക്കുന്നതിനും ഇന്ന് (16.01.2025) തിരുവനന്തപുരം വിജിലൻസ് കോടതി ശിക്ഷിച്ചു.

2006-2007 കാലഘട്ടത്തിൽ പത്തനംതിട്ട ജില്ലയിലെ പന്തളം സപ്ലൈകോ ലാഭം മാർക്കറ്റിലെ മാനേജരായിരുന്ന വി.എസ്.രമേശൻ വിവിധ രജിസ്റ്ററുകളിൽ തിരുത്തൽ വരുത്തി പല ദിവസങ്ങളിലെ വിറ്റുവരവ് തുകയിൽ നിന്നും 3,20,840/- രൂപയുടെ ക്രമക്കേട് നടത്തിയതിന് ശേഷം ചെക്ക് ലീഫുകളിൽ തിരുത്തൽ വരുത്തി തുക പെരുപ്പിച്ച് കാണിച്ച് ക്രമക്കേട് മുടിവയ്ക്കുകയും ചെയ്തതിന് തിരുവനന്തപുരം വിജിലൻസ് സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ യൂണിറ്റ്-1 രജിസ്റ്റർ ചെയ്ത്, അന്വേഷണം പൂർത്തിയാക്കി, കുറ്റപത്രം സമർപ്പിച്ച കേസ്സിലാണ് പ്രതിയായ രമേശൻ കുറ്റക്കാരനാണെന്ന് കണ്ടെത്തി ശിക്ഷിച്ചത്. രണ്ട് വർഷം നടന്ന ക്രമക്കേടായതിനാൽ രണ്ട് കേസ്സുകളിൽ വിവിധ വകുപ്പുകളിലായി ആകെ 16 വർഷം കഠിന തടവിനും 3,20,000/-രൂപ പിഴ ഒടുക്കുന്നതിനുമാണ് തിരുവനന്തപുരം വിജിലൻസ് കോടതി ഇന്ന് (16.01.2025) ശിക്ഷ വിധിച്ചത്. ശിക്ഷ ഒരുമിച്ച് അനുഭവിച്ചാൽ മതിയെന്നും വിധി ന്യായത്തിൽ പറയുന്നു. എൻക്വയറി കമ്മീഷണർ ആൻഡ് സ്പെഷ്യൽ ജഡ്ജ് (വിജിലൻസ് ) ശ്രീ. രാജകുമാര.എം.വി ആണ് വിധി പുറപ്പെടുവിച്ചത്. വിജിലൻസിന് വേണ്ടി പബ്ലിക് പ്രോസിക്യൂട്ടർ ശ്രീ. രഞ്ജിത് കുമാർ.എൽ.ആർ ഹാജരായി. പ്രതിയെ റിമാന്റ് ചെയ്ത് ജയിലിലടച്ചു.

പൊതുജനങ്ങളുടെ ശ്രദ്ധയിൽ അഴിമതി സംബന്ധിച്ച വിവരങ്ങൾ ലഭിക്കുകയാണെങ്കിൽ വിജിലൻസിന്റെ ടോൾ ഫ്രീ നമ്പരായ 1064 എന്ന നമ്പരിലോ 8592900900 എന്ന നമ്പരിലോ വാട്സ് ആപ് നമ്പരായ 9447789100 എന്ന നമ്പരിലോ അറിയിക്കണമെന്ന് വിജിലൻസ് ഡയറക്ടർ ശ്രീ. യോഗേഷ് ഗുപ്ത ഐ.പി.എസ് അഭ്യർത്ഥിച്ചു.